# സെക്രട്ടേറിയറ്റ് അനക്സ് II മന്ദിരം
# തസ്തിക സൃഷ്ടിച്ച് പ്രമോഷൻ നൽകുക

സുഹൃത്തുക്കളെ,

കൊട്ടിഘോഷിച്ച് ഉദ്ഘാടന മാമാങ്കം നടത്തിയെങ്കിലും സെക്രട്ടേറിയറ്റ് അനക്സ് II മന്ദിരം 'പണിതീരാ വീടായി' അവശേഷിക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങളൊന്നും തന്നെ ഒരുക്കാതെ, മതിയായ സുരക്ഷാ സജ്ജീകരണം ഉറപ്പു വരുത്താതെ അവശ്യം വേണ്ട ഫർണിച്ചർ പോലുമില്ലാതെ പുതിയ മന്ദിരം തുറന്നുകൊടുക്കുമ്പോൾ അത്യാവശ്യം വേണ്ട ജീവനക്കാരുടെ കാര്യത്തിൽ സർക്കാർ മൗനം പാലിക്കുകയാണ്. പുതിയ മന്ദിരത്തിലേക്ക് വേണ്ടിവരുന്ന ലിഫ്റ്റ് ഓപ്പറേറ്റർ, സെക്യൂരിറ്റി ഗാർഡ്, ശുചീകരണ വിഭാഗം ജീവനക്കാർ, സ്വീപ്പർമാർ, തോട്ടം ജീവനക്കാർ മുതലായ തസ്തികകളും അവയുടെ സൂപ്പർവൈസറി തസ്തികകളും പുതുതായി സൃഷ്ടിച്ച് നിലവിലുള്ള ജീവനക്കാർക്ക് പ്രമോഷൻ നൽകുകയാണ് വേണ്ടത്. എന്നാൽ മേൽപ്പറഞ്ഞ തസ്തികകളിലേക്ക് പിൻവാതിൽ വഴി നിയമനം നടത്തി സ്വന്തക്കാരെ തിരുകികയറ്റാനുള്ള പതിവ് തന്ത്രമാണ് സർക്കാർ പയറ്റുന്നത്.

മേൽതസ്തികകളിലേക്ക് പിൻവാതിൽ നിയമനം നടത്തപ്പെടുന്നതുവഴി സെക്രട്ടേറിയറ്റിലെ ഏറ്റവും താഴ്ന്ന വിഭാഗം ജീവനക്കാരുടെ സാധ്യതകളാണ് തകർക്കപ്പെടുന്നത്. തുച്ഛമായ വരുമാനം മാത്രമുള്ള പ്രമോഷൻ സാധ്യത ഒട്ടുമില്ലാത്ത ഇവർക്ക് ലഭിക്കാനിടയുള്ള അവസരം പോലും ഇല്ലാതാക്കുന്നത് അങ്ങേയറ്റം ക്രൂരവും സാമാന്യ നീതിയുടെ നിഷേധവുമാണ്. ആവശ്യമായ തസ്തികകളെ സംബന്ധിച്ച് തീരുമാനമായി പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചതിനു ശേഷം നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പ്രമോഷൻ വഴി നിയമനം നടത്തിയാൽ ഈ വിഭാഗം ജീവനക്കാർക്ക് അതൊരു വലിയ ആശ്വാസമായിരിക്കും. ലിഫ്റ്റ് ഓപ്പറേറ്റർ, സെക്യൂരിറ്റി ഗാർഡ്, തോട്ടം ജീവനക്കാർ, ഫുൾടൈം സ്വീപ്പർമാർ ശുചീകരണ വിഭാഗം ജീവനക്കാർ മുതലായ താഴ്ന്നവിഭാഗം ജീവനക്കാർക്ക് ഇതുവഴി പ്രമോഷനുള്ള സാധ്യത ഉണ്ടാവും. എന്നാൽ ഉമ്മൻചാണ്ടി സർക്കാരിന്റെ പതിവ് ശൈലിയിൽ പിൻവാതിൽ നിയമങ്ങളുമായി മുന്നോട്ട് പോയാൽ ഈ വിഭാഗം ജീവനക്കാരോട് സർക്കാർ ചെയ്യുന്നത് കൊടുംപാതകമായിരിക്കും.

സെക്രട്ടേറിയറ്റ് അനക്സ് II മന്ദിരത്തിനാവശ്യമായ തസ്തികകൾ പുതുതായി സൃഷ്ടിച്ച് സുതാര്യമായ നിയമനപ്രക്രിയ ഉറപ്പാക്കണമെന്ന് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സർക്കാരിനോടാവശ്യപ്പെടുന്നു. തസ്തിക സൃഷ്ടിക്കുന്നതു വഴിയുണ്ടാകുന്ന ഒഴിവിലേക്ക് ബന്ധപ്പെട്ട ജീവനക്കാർക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പ്രമോഷൻ നൽകി ഉത്തരവാകണമെന്ന് അസോസിയേഷൻ ആവശ്യപ്പെടുന്നു. സെക്രട്ടേറിയറ്റ് അനക്സ് II മന്ദിരത്തിനാവശ്യമായ ജീവനക്കാരെ പിൻവാതിൽ വഴിയോ ഔട്ട്സോഴ്സിംഗ് മുഖേനയോ മറ്റോ നിയമിക്കാനുള്ള ഗൂഢനീക്കവുമായി മുന്നോട്ട് പോയാൽ ജീവനക്കാരെ അണിനിരത്തി ചെറുക്കുമെന്ന് സർക്കാരിന് ഞങ്ങൾ മുന്നറിയിപ്പ് നൽകുന്നു. ഏറ്റവും താഴ്ന്ന വിഭാഗം ജീവനക്കാരുടെ താൽപര്യങ്ങൾക്ക് പോലും വിരുദ്ധമായി പിൻവാതിൽ നിയമനവുമായി സർക്കാർ മുന്നോട്ട് പോയാൽ സെക്രട്ടേറിയറ്റ് അന്തരീക്ഷം കലുഷമാവുമെന്നും അറിയിക്കുന്നു. എല്ലാ വിഭാഗം ജീവനക്കാരുടെയും താൽപര്യത്തിനുവേണ്ടി പോരാടുന്ന കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷനിൽ അണിചേരാൻ മുഴുവൻ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

**ഇന്ന് 1.30 ന്**
**സാധാരണ പൊതുയോഗം**
**അസോസിയേഷൻ ഹാൾ**

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം
10.02.2016

**എം.എസ്. ബിജുക്കുട്ടൻ**
ജനറൽ സെക്രട്ടറി
visit: www.ksea.in

**കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ**

തിരുവാതിര 9946446848